(ബി) അങ്ങിനെയാണെങ്കിൽ വെളിച്ചെണ്ണ, കൊപ്ര ഇതുകളുടെ നിയന്ത്രണഉത്തരവു പുറപ്പെടുവിച്ചതോടുകൂടി എന്തുകൊണ്ട് പിണ്ണാക്കിന്റെ നിയന്ത്രണഉത്തരവും പുറപ്പെടുവിച്ചില്ല;

(സി) വെളിച്ചെണ്ണ, കൊപ്ര ഇതുകളുടെ ഏറ്റവും കുറഞ്ഞ വില ക്ലിപ്തപ്പെടുത്തീട്ടുള്ളപോലെ പിണ്ണാക്കിന്റെ ഏറ്റവും കുറഞ്ഞ വിലയും ഇന്ത്യാഗവമ്മെണ്ടോ കൊച്ചി ഗവമ്മെണ്ടോ ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു വിലയാണ്; ഇല്ലെങ്കിൽ എന്തുകൊണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അല്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഇല്ല. ഏറ്റവും താണവില അങ്ങിനെ ക്ലിപ്തപ്പെടുത്തേണ്ട ആവശ്യം ഇപ്പോൾ ഇല്ലാത്തതുകൊണ്ട്.

HONORARY VISITORS IN HOSPITALS—APPOINTMENT OF

283. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവമ്മെണ്ട് സദയം മറുപടി പറയുമോ,—

(എ) കൊച്ചിരാജ്യത്തു് ആസ്പത്രികൾ, ഡിസ്പെൻസറികൾ മുതലായവ സന്ദർശിക്കുവാൻ ഓണററി സന്ദർശകന്മാരെ നിയമിക്കുന്നതിന്റെ ഉദ്ദേശം എന്താണ്;

(ബി) വിസിറേഴ്സ് പുസ്തകത്തിൽ ഈ തരം സന്ദർശകന്മാർക്ക് എന്തെങ്കിലും അഭിപ്രായം രേഖപ്പെടുത്തുവാൻ അനുവാദം ഉണ്ടോ;

(സി) അങ്ങിനെ രേഖപ്പെടുത്തുന്ന എതെങ്കിലും വിഷയം ഡിപ്പാർട്ടുമെണ്ടു് മേലധികാരികൾ അനേക്ഷിക്കുകയൊ, വേണ്ടതു് എന്നു ബോദ്ധ്യപ്പെട്ടാൽ ആയതു ചെയ്തു കൊടുക്കുകയൊ ചെയ്യുന്ന പതിവ് കൊച്ചിരാജ്യത്തു് പത്തു കൊല്ലകാലത്തിനിടക്കു് ഉണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതു് ഏതു ആസ്പത്രികളിൽ ആണ്;

(ഇ) ദിവാൻ മിസ്റ്റർ ബോഗ് നെമ്മാറ ആസ്പത്രി അടുത്ത കാലത്ത് സന്ദർശിച്ചപ്പോൾ അവിടത്തെ ചില അത്യാവശ്യകരുതയെ സംബന്ധിച്ച് വിസിറേഴ്സ് ബുക്കിൽ രേഖപ്പെടുത്തീട്ടുള്ളതിന്റെ ഒരു പകർപ്പ് മേശപ്പുറത്തു് വെക്കാമൊ;

(എഫ്) ചീഫ് മെഡിക്കൽ ആഫ്പീസർ അതിൽപിന്നീടു് ഈ ആസ്പത്രി സന്ദർശിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം?

റാവുബഹദൂർ ടി. കെ നായർ:

(എ) ആസ്പത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും ഓണററി സന്ദർശകന്മാരെ നിയമിക്കുന്നതിന്റെ ഉദ്ദേശം, ഈ ധർമ്മസ്ഥാപനങ്ങളെ ഉൽക്കർഷപ്പെടുത്തുന്നതിലേക്ക് അവരുടെ പ്രായോഗികങ്ങളായ അഭിപ്രായങ്ങളും സൃഷ്ടിപരങ്ങളായ വിമർശനങ്ങളും സിദ്ധിക്കുന്നതിന്നാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) അനുബന്ധം നോക്കുക. *(Appendix V).*

(ഇ) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix VI).*

(എഫ്) ഉണ്ട്.

(ജി) നാലു പ്രാവശ്യം.

NEEDLE-WORK MISTRESS—TRANSFER OF

284. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവമ്മെണ്ടു് ഭയവായി മറുപടി പറയുമൊ.—

(എ) ഈ സ്തുതം വർഷത്തിൽ കൊടുങ്ങല്ലൂർ സ്കൂളിൽ ബോർഡിൽനിന്നു് നിയമിക്കപ്പെട്ട ഒരു തുന്നൽ മിസ്ട്രസിനെ കുസ്സ്യാനിയാണെന്ന കാരണത്താൽ സ്ഥലം മാറ്റംചെയ്തിട്ടില്ലെ;

(ബി) ആ മിസ്ട്രസിനെ അവിടെനിന്നു എവിടേക്കാണ് മാറ്റിയതു;

(സി) ആ മിസ്ട്രസിനെ മാറ്റിയതിന്നുപകരം കൊടുങ്ങല്ലൂക്കുമാറ്റിയതു് ആരെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) കൊട്ടങ്ങല്ലൂർ സ്കൂളിൽനിന്ന സ്ഥലംമാറ്റം ചെയ്തിട്ടില്ല. ബോർഡിൽനിന്ന പതിനെട്ടരയാളം സ്കൂളിൽ നിയമിച്ചിരുന്ന തുന്നൽ മിസ്ട്രസിനെ സ്ഥലംമാറ്റകയുണ്ടായിട്ടുണ്ട്. കുസ്ലാനിയെന്നകാരണംകൊണ്ടല്ല മാറ്റിയതു്. പതിനെട്ടരയാളം സ്കൂൾ തുന്നൽ മിസ്ട്രസിന്ന കൊട്ടങ്ങല്ലൂർ കോവിലകം സ്കൂളിൽ ആഴ്ചയിൽ രണ്ടുദിവസം ജോലിനോക്കേണ്ട തുണ്ടു്. കോവിലകത്തു സവർണ്ണഹിന്ദുക്കൾക്കുമാത്രമെ പ്രവേശിപ്പാൻ പാടുള്ളു. അതുകൊണ്ടു് അവരെ മാറ്റേണ്ടിവന്നു.

(ബി) & (സി) കൊട്ടങ്ങല്ലുക്കു് ആരേയും മാറ്റിയില്ല. പല്ലാറ്റ് മലയാളം സ്കൂളിലേക്കാണു് മാറ്റിയതു്. പല്ലാറ്റ് സ്കൂളിലെ തുന്നൽ മിസ്ട്രസ്സായ ഈ കല്യാണി അമ്മയെ ആണു് ആ സ്ഥാനത്തേക്കുമാറ്റിയതു്.

ARRACK SHOP—OPENING OF

285. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമൊ.—

(എ) എറണാകുളം കാരിക്കാമുറി റോഡിൽ ഒരു ചാരായഷാപ്പു് പുതുതായി തുറന്നിട്ടുണ്ടൊ; (പുതിയ ഒരു സ്ഥലത്തു്)

(ബി) റോഡരികിൽതന്നെ ഷാപ്പുവെച്ചുകൊള്ളുന്നതിന്ന ഗവർമ്മെണ്ടിൽനിന്നും അനുവാദം നൽകിയിട്ടുണ്ടൊ;

(സി) ആവണി കഴിഞ്ഞാൽ പ്രസ്തുത റോഡിൽക്കൂടി സ്ത്രീകൾക്കും മറ്റും നിർഭയം യാത്ര ചെയ്യുവാൻ വിഷമം നേരിടുമെന്നു് ഗവർമ്മെണ്ടിന്നറിയാമൊ;

(ഡി) നാലുവശവും മുസ്ലീങ്ങളായ ജനങ്ങൾ താമസിക്കുന്നതിന്റെ മദ്ധ്യത്തിൽ ചാരായഷാപ്പു വന്നാലുള്ള വിഷമതകളെപ്പറ്റി ഗവർമ്മെണ്ടു് ആലോചിച്ചിട്ടുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഉണ്ടായിരുന്നു. പക്ഷെ ഇപ്പോൾ ആ ഷാപ്പു് ടി സ്ഥലത്തുനിന്നും മാറ്റിയിട്ടുണ്ടു്.

(ബി) ഗവർമ്മെണ്ടിൽനിന്നും അനുവാദം നൽകിയിട്ടില്ല.

(സി) അക്കാം ഇതുവരെ തടസ്ഥം നേരിട്ടതായി അറിവില്ല.

(ഡി) ഈ വിഷമതകളും മനസ്സിലാക്കിയിട്ടാണു് ടി ഷാപ്പു് അവിടെനിന്നും മാറ്റി സ്ഥാപിച്ചതു്.

JURISDICTION IN THE COCHIN PORT

286. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) കൊച്ചി തുറമുഖത്തെ സിവിലും ക്രിമിനലും ആയ അധികാരം കൊച്ചി ഗവർമ്മെണ്ടിനുതന്നെയല്ലെ;

(ബി) അവിടെ ഉണ്ടാകുന്ന പണി മുടക്കുകളിലും തൊഴിൽ വിവാദങ്ങളിലും കൊച്ചി യുടെ ഇതര ഭാഗങ്ങളിലെന്നപോലെ അധികാരപൂർവ്വം ഇടപെടുന്നതിന്ന കൊച്ചിഗവർമ്മെണ്ടിന്ന അവകാശമില്ലെ;

(സി) ഈ അവകാശാധികാരങ്ങളും അടുത്തകാലത്തു കൊച്ചിതുറമുഖ ജോലികളിൽ ചില വകുപ്പുകളിലുണ്ടായ പണിമുടക്കിനെ സംബന്ധിച്ചു് പ്രയോഗിക്കുവാൻ ഗവർമ്മെണ്ടിന്ന സാധിച്ചിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അതെ.

(ബി) ഉണ്ടു്.

(സി) അധികാരം പ്രയോഗിക്കേണ്ടതായ സന്ദർഭം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly